(ബി) അർഹരായ നിക്ഷേപകർക്ക് ജില്ലാ ഓഫീസുകൾ വഴി സമ്മാന കൂപ്പണുകൾ നൽകുന്നു. അതിനുശേഷം സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ മേൽനോട്ടത്തിൽ ഡ്രോ നടത്തുന്നു. നറുക്കെടുപ്പ് ഫലം പ്രമുഖ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നുമുണ്ട്.

(സി) പേരുവിവരം പ്രസിദ്ധീകരിക്കാറില്ല. സമ്മാനാർഹമായ കൂപ്പൺ നമ്പരേ പ്രസിദ്ധീകരിക്കാറുള്ളു.

(ഡി) സമ്മാനാർഹരെ നേരിട്ട് വിവരം അറിയിക്കാറില്ല. സമ്മാനം വാങ്ങാത്തവരും ഉണ്ട്.

(ഇ) ആദ്യ ഡ്രോയിൽ 388 പേരും രണ്ടാമത്തെ ഡ്രോയിൽ 398 പേരും സമ്മാനം ക്ളയിം ചെയ്യാതിരുന്നു. സമ്മാനം ക്ളയിം ചെയ്യാത്തതിന്റെ കാരണം വ്യക്തമല്ല.

(എഫ്) ഇല്ല.

(ജി) വയ്ക്കാം†.

സംസ്ഥാനത്തെ മഹിളാപ്രധാൻ ഏജന്റുമാർ

31 [314] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആകെ എത്ര മഹിളാപ്രധാൻ ഏജന്റുമാരാണ് ഉള്ളത്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) 2002-2003, 2003-2004 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഇതുവരെ മഹിളാപ്രധാൻ ഏജന്റുമാർ മുഖാന്തിരം ശേഖരിച്ചിട്ടുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഇപ്പോൾ ഇവർക്ക് നൽകി വരുന്ന കമ്മീഷൻ എത്ര ശതമാനമാണ്;

(ഡി) നിലവിലുള്ള കമ്മീഷൻ വർദ്ധിപ്പിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(ഇ) മഹിളാപ്രധാൻ ഏജന്റുമാരുടെ കമ്മീഷൻ തുകയെ ആദായ നികുതിയിൽ നിന്നും ഇളവ് ചെയ്ത് നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ് കേന്ദ്രസർക്കാരിന് നിവേദനം നൽകുകയുണ്ടായിട്ടുണ്ടോ;

(എഫ്) ഇതിൻമേൽ കേന്ദ്ര ഗവൺമെന്റ് കൈക്കൊണ്ട നടപടി സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന് എന്തെങ്കിലും വിശദീകരണം ലഭിക്കുകയുണ്ടായിട്ടുണ്ടോ?

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Page 1

ഉത്തരം

(എ) കേരളത്തിൽ ആകെ 10254 മഹിളാപ്രധാൻ ഏജന്റുമാരാണുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർത്തിരിക്കുന്നു:

ജില്ല	മഹിളാപ്രധാൻ ഏജന്റുമാരുടെ എണ്ണം
തിരുവനന്തപുരം	981
കൊല്ലം	867
പത്തനംതിട്ട	800
ആലപ്പുഴ	926
കോട്ടയം	989
ഇടുക്കി	250
എറണാകുളം	1173
തൃശൂർ	945
പാലക്കാട്	603
മലപ്പുറം	610
കോഴിക്കോട്	980
വയനാട്	144
കണ്ണൂർ	712
കാസറഗോഡ്	274

(ബി) മഹിളാപ്രധാൻ ഏജന്റുമാർ മുഖേന ശേഖരിച്ചിട്ടുള്ള തുകയുടെ ജില്ല തിരിച്ചുള്ള ഏകദേശകണക്ക് ചുവടെ ചേർത്തിരിക്കുന്നു:

(രൂപ കോടിയിൽ)

ജില്ല	2002-03	2003-04 (31-12-2003 വരെ)
തിരുവനന്തപുരം	85.00	70.00
കൊല്ലം	65.00	60.00
പത്തനംതിട്ട	75.00	70.00
ആലപ്പുഴ	70.00	69.00
കോട്ടയം	65.00	55.00
ഇടുക്കി	15.00	13.00

LIBRARY ARCHIVES Kerala Legislative Assembly

(രൂപ കോടിയിൽ)

ജില്ല	2002-03	2003-04 (31-12-2003 വരെ)
എറണാകുളം	125.00	105.00
തൃശൂർ	123.00	102.00
പാലക്കാട്	65.00	55.00
മലപ്പുറം	69.00	60.00
കോഴിക്കോട്	59.00	50.00
വയനാട്	8.00	6.50
കണ്ണൂർ	55.00	48.00
കാസറഗോഡ്	20.00	16.00

(സി) 4% കമ്മീഷനാണ് കേന്ദ്ര ഗവൺമെന്റ് മഹിളാപ്രധാൻ ഏജന്റുമാർക്ക് നൽകി വരുന്നത്.

(ഡി) കമ്മീഷൻ വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനമെടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. ഇക്കാര്യം പരിഗണനയിലുള്ളതായി അറിവില്ല.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

റവന്യൂ കമ്മി

32 [315] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1998 മുതലുള്ള സംസ്ഥാനത്തെ റവന്യൂ കമ്മി എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

1998-99 മുതൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി താഴെ പറയും പ്രകാരമാണ്:

1998-99	..	2027.49 കോടി രൂപ
1999-2000	..	3622.15 കോടി രൂപ
2000-2001	..	3147.05 കോടി രൂപ
2001-2002	..	2606.64 കോടി രൂപ
2002-2003	..	4118.66 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly